Reg. No. : ..............................

Name : ..................................

# IV Semester B.A. Degree (CBCSS – Supplementary) Examination, April 2022
## (2017-18 Admissions)
## COMPLEMENTARY COURSE IN MALAYALAM
## 4C04 MAL : മലയാള സാഹിത്യചരിത്രം (ഭാഗം – II)

Time : 3 Hours　　　　Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) പച്ച മലയാള പ്രസ്ഥാനത്തിന്റെ സവിശേഷതകൾ 'നല്ല ഭാഷ' എന്ന കൃതിയെ മുൻനിർത്തി വിലയിരുത്തുക.

2) 'ആധുനിക മലയാള കവിതയുടെ പ്രവണതകൾ പഠിക്കുവാൻ ആരംഭിക്കുന്നത് മലയവിലാസം തൊട്ടു തന്നെയാകണം' എന്ന നിരൂപകാഭിപ്രായം പരിശോധിക്കുക.

3) വി. സി. ബാലകൃഷ്ണപ്പണിക്കരുടെ ഒരു വിലാപം മുന്നോട്ടു വയ്ക്കുന്ന ദാർശനികവും തത്ത്വചിന്താപരവുമായ വീക്ഷണങ്ങൾ വിശകലനം ചെയ്യുക.

4) മഹാകാവ്യപ്രസ്ഥാനത്തിൽ കാല്പനിക-ദാർശനിക ഭാവങ്ങളെ സമന്വയിപ്പിച്ച കൃതിയാണ് 'കേശവീയം'. വിലയിരുത്തുക. **(2×7=14)**

II. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

5) "സുഗുപ്തമേലം കവരുന്ന തസ്കരൻ
കവീശ്വരർക്കെങ്ങനെ ചെല്ലമായി നീ" – സന്ദർഭവും ആശയവും വ്യക്തമാക്കുക.

6) പച്ചമലയാള പ്രസ്ഥാനത്തിന്റെ പരാജയത്തിനുള്ള കാരണങ്ങൾ എന്തെല്ലാം ?

7) "ഞാന്തന്നുവെന്നതവിടെ താന്താൻ ചൊല്ലാതിരിക്കണം
എന്തെന്നോ നാം കൊടുത്തെന്നാ ലെന്തോ മൂപ്പര് എടുക്കുമോ" – ആരുടെ വാക്കുകൾ ? സന്ദർഭം എന്ത് ?

P.T.O.



8) കുറിപ്പെഴുതുക – കേരളവർമ്മ പ്രസ്ഥാനം.

9) നിനയ്ക്കിലീ നിൻ തലയെത്രയുന്നതം
ഞെളിഞ്ഞു പൊങ്ങീട്ടിതു മേഘമാർഗവും
കവിഞ്ഞു ലോകത്തിനൊരേക നേത്രമാം
ഖരാംശു തൻ യാത്രയുമങ്ങെതിർത്തിതേ – സൂചിതം എന്ത് ?

10) കൊടുങ്ങല്ലൂർ കളരിയുടെ പ്രത്യേകതകൾ എന്തെല്ലാം ? **(4×3=12)**

III. **100** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11) സാരാനർഘ പ്രകാശ പ്രചുരുമ പുരള്ളം
ദിവ്യരത്നങ്ങളേറെ –
പ്പാരാവാരത്തിനുള്ളിൽ പരമിരുൾ നിറയും കന്ദരത്തിൽ കിടപ്പൂ
ഘോരാരണ്യ ച്ചുഴൽക്കാറ്റടികളിലിളകും
തൂമണം വ്യർത്ഥമാക്കു –
ന്നൊരാപ്പൂവെത്രയുണ്ടാ, മവകളിലൊരുനാ
ളൊന്നു കേളിപ്പെടുന്നു – ആശയം വ്യക്തമാക്കുക.

12) "വിത്തം കൊടുക്കേണ്ടിവരുന്ന കാര്യം
ലുബ്ധന്റെ കർണ്ണത്തിനുശല്ല്യമല്ലോ" – സന്ദർഭം വിശദീകരിക്കുക.

13) മലയാളത്തിലെ ആദ്യകാല വിലാപകാവ്യങ്ങളെ പരിചയപ്പെടുത്തുക.

14) ദ്വിതീയാക്ഷരപ്രാസവാദത്തിന് അനുകൂലമായി ഉന്നയിക്കപ്പെട്ട വാദഗതികൾ ഏവ ?

15) 'ഗോവർധനാദ്രിയെടുത്തു പിടിച്ച കൃഷ്ണൻ
ഗോഗോപരെ സ്വയമൊരേഴുദിനം തുണച്ചാൻ
ഇന്നാട്ടിൽ നാട്ടി മലയാദ്രിയെയന്നു രാമ – നെന്നേയ്ക്കുമിങ്ങിടവിടാതെ തുണച്ചിടുന്നു'
വിവക്ഷിതം എന്ത് ?

16) കുറിപ്പെഴുതുക – കുണ്ടൂർ നാരായണ മേനോൻ. **(4×2=8)**



IV. **ഒറ്റ** വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) 'കണ്ണുനീർത്തുള്ളി' എന്ന വിലാപകാവ്യത്തിന്റെ രചയിതാവ് ആര് ?

18) ഉള്ളൂർ എസ്. പരമേശ്വരയ്യർ രചിച്ച പച്ച മലയാള കൃതി ഏത് ?

19) മലയവിലാസം പ്രസിദ്ധീകരിച്ചത് ഏതു വർഷമാണ് ?

20) വള്ളത്തോൾ നാരായണമേനോൻ രചിച്ച മഹാകാവ്യം ഏത് ?

21) കേരളപാണിനിയുടെ 'മധുരകാവ്യം' എന്നറിയപ്പെടുന്ന കൃതി ഏത് ?

22) സി. എസ്. സുബ്രഹ്മണ്യൻ പോറ്റി രചിച്ച വിലാപ കാവ്യം ഏത് ?

23) ഏത് മഹാകാവ്യത്തിലാണ് സ്യമന്തകം കഥ പ്രമേയമായി വരുന്നത് ?

24) ആധുനിക കവിത്രയം എന്നറിയപ്പെടുന്ന കവികൾ ആരെല്ലാം ? **(6×1=6)**